# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4417 — 04 . 02 . 2014 ൽ മറുപടിക്ക്

### എൽ.പി./യു.പി. ക്ലാസുകളിലെ പഠന നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) എൽ. പി./യു. പി. ക്ലാസുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

എ) എൽ.പി./യു.പി ക്ലാസുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എൽ.ഇ.പി. (ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം), ഇന്നവേറ്റീവ് ആക്ടിവിറ്റീസ് എന്നീ ഹെഡുകളിലായി 14 ജില്ലകളിലും ചുവടെ ചേർത്തിരിക്കുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1) 1, 2 ക്ലാസുകളിലെ ഉദ്ഗ്രഥനം, 3, 4 ക്ലാസുകളിലെ ഇംഗ്ലീഷ്, പരിസരപഠനം, കണക്ക്, യു.പി ക്ലാസുകളിൽ ഇംഗ്ലീഷ്, കണക്ക്, അടിസ്ഥാന ശാസ്ത്രം എന്നീ വിഷയങ്ങളുടെ വർക്ക് ഷീറ്റുകൾ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുകയും അവയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനുള്ള മോണിറ്ററിംഗ് നടത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി ട്രെയിനർമാർക്കും, സി.ആർ.സി കോർഡിനേറ്റർമാർക്കും ഓറിയന്റേഷൻ നൽകുകയും, ഒ.എസ്.എസ് ഫലപ്രദമാക്കുകയും ചെയ്തു.

2) <u>കാറ്റലിസ്റ്റ്</u>:- സയൻസ് ലാബുകളുടെ ഘടനയെ മാറ്റിയെടുത്തു കൊണ്ട് കുട്ടികളിൽ ലാബ് പ്രവർത്തനത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനായുള്ള പരിപാടി

3) <u>ഹോർത്തൂസ്</u> (ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ):- പ്രകൃതിയിലെ ജൈവവൈവിധ്യം, അവ നേരിടുന്ന ഭീഷണി എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനും അത് തരണം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനുമുള്ള പ്രവർത്തനം.

4) <u>റിസോഴ്സ് മാപ്പിങ്</u>:- സാമൂഹ്യ ശാസ്ത്ര പഠനത്തിന് സഹായകമാകുന്ന രീതിയിൽ പ്രാദേശിക ചരിത്രം, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, കാർഷിക സവിശേഷതകൾ, വ്യവസായം എന്നിവയെല്ലാം ഉൾപ്പെടുത്തികൊണ്ടുള്ള ട്രാവലോഗ് തയ്യാറാക്കൽ.

5) <u>സ്കൂൾതല ടാലന്റ് ഡേ.</u>

6) മെട്രിക് മേള (സ്കൂൾതലവും, സി.ആർ.സി. തലവും) കണക്കുമായി ബന്ധപ്പെട്ട പ്രദർശനം.
7) സയൻസ് ക്ലബ് ഓറിയന്റേഷൻ ക്ലബ് (ബി.ആർ.സി. തലം)
8) സർഗ വസന്തം- ക്രിയാത്മകത വർദ്ധിപ്പിക്കുന്നതിനായുള്ള ക്യാമ്പ്.
9) മാത്തമറ്റിക്സ് കലണ്ടർ.
10) കാഴ്ചക്കൂട്ട്- സാംസ്കാരിക പൈതൃകത്തെക്കുറിച്ച് സി.ഡി. തയ്യാറാക്കൽ
11) സുഡോക്കു- പഠനബോധന സാമഗ്രികളുടെ നിർമാണത്തിനുള്ള വർക്ക് ഷോപ്പുകൾ.
12) WAVE - (വർത്ത്വൈൽ അക്വിസിഷൻ ഓഫ് വൈറ്റൽ ഇംഗ്ലീഷ്)
-കമ്മ്യൂണിക്കേഷൻ സ്കിൽ, ക്രിയാത്മകത എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിപാടി.
13) രാമാനുജൻ മാത്സ് പ്രോഗ്രാം:-

- സെമിനാർ
- പോസ്റ്ററുകൾ, ബാനറുകൾ, കലാജാഥകൾ
- സ്കൂൾതല, ബി.ആർ.സി. തല, ജില്ലാ തല മത്സരങ്ങൾ.

14) സർഗവേദി- വായനയും എഴുത്തും പരിപോഷിപ്പിക്കുന്നതിനായുള്ള പരിപാടി (സ്കൂൾ തലം, ജില്ലാ തലം)
15) ലാബ് മാനുവൽ തയ്യാറാക്കൽ & ശാസ്ത്ര സഭ.
16) രാസ ജ്യോതി- കുട്ടികളിൽ സയൻസിനോട് ആഭിമുഖ്യം വളർത്തുന്നതിനായി പരീക്ഷണങ്ങളും, വീട്ടിലുപയോഗിക്കുന്ന വസ്തുക്കളുടെ ശാസ്ത്രജ്ഞാനം ഉൾപ്പെടുത്തിക്കൊണ്ടുള്ള ബുക്ക് തയ്യാറാക്കി വിതരണം ചെയ്യൽ.
17) സഹവാസ ക്യാമ്പുകൾ- സയൻസ്, കണക്ക് ഭാഷകൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ളവ.
18) തിയേറ്റർ ക്യാമ്പ്- ഇംഗ്ലീഷ്.
19) വിവിധ ഫെസ്റ്റുകൾ- മാത്സ് ഫെസ്റ്റ്, സയൻസ് ഫെസ്റ്റ്, വായന ഫെസ്റ്റ്
20) എൽ. പി. അറബിക്, യു.പി. സംസ്കൃതം- വായന വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി.
21) പഠന വീടുകൾ- വീട്ടിൽ പഠന സാഹചര്യവും, പഠന അന്തരീക്ഷവും ഇല്ലാത്ത കുട്ടികൾക്കായി സ്കൂളിലെ അസൈയിൻമെന്റുകൾ, പ്രോജക്ടുകൾ എന്നിവ ചെയ്യുന്നതിനും, പഠനത്തിനും, സ്കൂൾ പഠന സമയം കഴിഞ്ഞ് ഒരു വോളന്റിയറുടെ സഹായത്തോടെ ഒരുക്കിയിരുന്ന പിന്തുണ.

| | | | |
|---|---|---|---|
| | | | ഇത് ഇന്നവേറ്റീവ് ഹെഡിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് |
| ബി) | സർക്കാർ/എയിഡഡ് മേഖലയിൽ എൽ.പി./ യു.പി. തലത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ 2012 -13 വർഷത്തിൽ എത്ര തുക അനുവദിച്ചു ; | ബി) | വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൽ.ഇ.പി. ഹെഡിൽ 825.60 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാർ 2012-13 വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത തുകയിൽ എത്ര ചിലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് ചിലവഴിച്ചത്; വിശദാംശം ലഭ്യമാക്കുമോ? | സി) | പ്രസ്തുത തുകയിൽ 639.64 ലക്ഷം രൂപ ഉത്തരം (എ) യിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ